"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അഗസ്ത്യാർകൂടം സന്ദർശനത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ. ജയകുമാറിന്റെ ഭാര്യ ശ്രീമതി. ജി.ആർ. ശോഭയെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

**സ.ഉ.(കൈ) നം.15/2020/വനം** തീയതി,തിരുവനന്തപുരം, 23.07.2020

പരാമർശം:- 1 28.10.2014- ലെ ജി.ഒ. (എം.എസ്) 88/2014/വനം നമ്പർ സർക്കാർ ഉത്തരവ്.

2 വനം വകുപ്പ് മേധാവിയുടെ 12.11.2019-ലെ ഇ6-4471/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

21/02/2009-ൽ അഗസ്ത്യാർകൂടം സന്ദർശനത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ. ജയകുമാറിന്റെ ഭാര്യ ശ്രീമതി. ജി. ആർ. ശോഭയെ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക മസ്ദൂർ വാച്ചറായി നിയോഗിച്ചിരുന്നു. ശ്രീമതി. ജി. ആർ. ശോഭയുടെ ഏക മകൾ ജന്മനാ ബുദ്ധിമാന്ദ്യമുള്ള കുട്ടിയാണെന്ന പരിഗണനയും, ടിയാളുടെ പരിതാപകരമായ ജീവിതസാഹചര്യവും കൂടി കണക്കിലെടുത്താണ് ദിവസവേതന അടിസ്ഥാനത്തിൽ ജോലിയ്ക്ക് നിയോഗിച്ചത്. തുടർന്ന് തന്റെ താൽക്കാലിക നിയമനം സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി.ജി.ആർ. ശോഭയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി ശ്രീമതി. ജി ആർ. ശോഭയ്ക്ക് വനം വകുപ്പിൽ ഓഫീസ് അറ്റൻഡർ ആയോ ക്ലാർക്ക് ആയോ സ്ഥിരനിയമനം നൽകാവുന്നതാണെന്ന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) ശുപാർശ പരിഗണിച്ച്, പത്തു കൊല്ലത്തെ സേവനം പൂർത്തിയായശേഷം സ്ഥിരനിയമനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്ന വ്യവസ്ഥയിൽ ടിയാരിയെ വനം വകുപ്പിൽ താത്കാലികാടിസ്ഥാനത്തിൽ തുടരുന്നതിനു അനുമതി നൽകിക്കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 15.06.2009 മുതൽ തിരുവനന്തപുരം വന്യജീവി സങ്കേതത്തിൽ താത്കാലിക വാച്ചറായി നിയമിതയായ ശ്രീമതി ജി.ആർ. ശോഭ പത്തുവർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ട് എന്നും, പരാമർശം ഒന്നിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകിയും, ടിയാരിയുടെ ജോലിയോടുള്ള താല്പര്യം കണക്കിലെടുത്തും ശ്രീമതി. ജി. ആർ. ശോഭയ്ക്ക് വനം വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചറായി സ്ഥിരനിയമനം നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം വനം വകുപ്പ് മേധാവി ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജയകുമാറിന്റെ മരണത്തെത്തുടർന്ന്

നിരാലംബരായ ടി കുടുംബത്തിന് ശ്രീമതി ജി.ആർ. ശോഭയ്ക്ക് ലഭിക്കുന്ന തുച്ഛമായ വരുമാനമാണ് ഇപ്പോഴുള്ള ഏക വരുമാനം. ശ്രീമതി.ജി. ആർ. ശോഭയുടെ ഏക മകൾ ജന്മനാ ബുദ്ധിമാന്ദ്യമുള്ള പെൺകുട്ടിയാണ്. ടി കാരണം ഉൾപ്പെടെ ടിയാരിയുടെ പരിതാപകരമായ ജീവിത സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് പരാമർശം ഒന്നിലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ, 15.06.2009 മുതൽ തിരുവനന്തപുരം വന്യജീവി സങ്കേതത്തിൽ താത്കാലിക വാച്ചറായി ജോലി ചെയ്തുവരുന്ന ശ്രീമതി ജി.ആർ ശോഭയെ, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, വാച്ചർ തസ്തികയിൽ 8500-13210 (Pre Revised) ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു. വനം വകുപ്പ് മുഖ്യവനപാലകൻ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

- ശ്രീമതി.ജി.ആർ. ശോഭയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാരി വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- നിയമന ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാരിക്ക് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
Dr.ആഷ തോമസ് ഐ എ എസ്
**അഡീഷണൽ ചീഫ് സെക്രട്ടറി**

**പകർപ്പ് :-** പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & HoFF, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 4108, തീയതി 15.07.2020).
ധനകാര്യ വകുപ്പ് (1294487/Agri-A2/129/2019-ഫിൻ തീയതി 09.01.2020)
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-07-2020

ഫയൽ നം. 265/എഫ്1/2019/വനം.

ഇനം നം: 4108

വിഷയം : വനം വന്യജീവി വകുപ്പ് - അഗസ്ത്യാർകൂടം സന്ദർശനത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ജയകുമാറിന്റെ ഭാര്യ ശ്രീമതി. ജി. ആർ. ശോഭയുടെ വനം വകുപ്പിലെ താൽക്കാലിക ജോലി സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

15/7/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്.

16/7

16/7

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 265/എഫ്1/2019/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | അഗസ്ത്യാർകൂടം സന്ദർശനത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ. ജയകുമാറിന്റെ ഭാര്യ ശ്രീമതി. ജി.ആർ. ശോഭയുടെ വനം വകുപ്പിലെ താൽക്കാലിക ജോലി സ്ഥിര പ്പെടുത്തണമെന്ന അപേക്ഷ സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07/06/2020 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. സുരേഷ് കുമാർ കെ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. ആഷ തോമസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/06/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/06/2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29/06/2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03/07/2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അഗസ്ത്യാർകൂടം സന്ദർശനത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ. ജയകുമാറിന്റെ ഭാര്യ ശ്രീമതി.ജി.ആർ.ശോഭയുടെ താൽക്കാലിക ജോലി സ്ഥിരപ്പെടുത്തണമെന്ന ആവശ്യമാണ് ഈ കുറിപ്പിലെ വിഷയം.

2). 21/2/2009-ൽ അഗസ്ത്യാർകൂടം സന്ദർശനത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ. ജയകുമാറിന്റെ ഭാര്യ ശ്രീമതി. ജി. ആർ. ശോഭയെ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക മസ്ദൂർ വാച്ചറായി നിയോഗിച്ചിരുന്നു. അംഗീകൃത തസ്തികയിലല്ല ശ്രീമതി. ജി. ആർ. ശോഭയെ ദിവസവേതനത്തിൽ ജോലിയ്ക്ക് നിയോഗിച്ചിരുന്നത്. ശ്രീമതി. ശോഭയുടെ ഏക മകൾ ജന്മനാ ബുദ്ധിമാന്ദ്യമുള്ള കുട്ടിയാണെന്ന പരിഗണനയും ടിയാളുടെ പരിതാപകരമായ ജീവിതസാഹചര്യവും കൂടി കണക്കിലെടുത്താണ് ദിവസവേതന അടിസ്ഥാനത്തിൽ ജോലിയ്ക്ക് നിയോഗിച്ചത്. തുടർന്ന് തന്റെ താൽക്കാലിക നിയമനം സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി. ശോഭയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന അർഹിക്കുന്ന ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകി SSLC വിദ്യാഭ്യാസ യോഗ്യതയുള്ള ശ്രീമതി. ജി. ആർ. ശോഭയ്ക്ക് വനം വകുപ്പിൽ ഓഫീസ് അറ്റൻഡർ ആയോ ക്ലാർക്ക് ആയോ സ്ഥിരനിയമനം നൽകാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിരുന്നു .

3). ഈ വിഷയം 23.10.2014- ൽ ചേർന്ന മന്ത്രിസഭായോഗത്തിന്റെ

പരിഗണയ്ക്ക് സമർപ്പിക്കുകയും, ശ്രീമതി ശോഭയെ വനം വകുപ്പിൽ താത്കാലികാടിസ്ഥാനത്തിൽ തുടരുന്നതിനു അനുവദിക്കാവുന്നതാണെന്നും, പത്തു കൊല്ലത്തെ സേവനം പൂർത്തിയായശേഷം സ്ഥിരനിയമനം നൽകുന്നതിന് പരിഗണിക്കുന്നതാണെന്നും 23/10/2014-ലെ ഇനം നമ്പർ 5900 പ്രകാരം മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28.10.2014- ലെ ജി.ഒ. (എം.എസ്) 88/2014/ വനം നമ്പർ ഉത്തരവ് പ്രകാരം മേൽ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനം ഉത്തരവായി പുറപ്പെടുവിച്ചു.

4). 15.06.2009 മുതൽ തിരുവനന്തപുരം വന്യജീവി സങ്കേതത്തിൽ താത്കാലിക വാച്ചറായി നിയമിതയായ ശ്രീമതി ശോഭ പത്തുവർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ 28.10.2014- ലെ ജി. ഒ. (എം.എസ്) 88/2014/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി, ടിയാളുടെ ജോലിയോടുള്ള താല്പര്യവും കണക്കിലെടുത്ത് ശ്രീമതി. ജി. ആർ. ശോഭയ്ക്ക് വനം വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചറായി സ്ഥിരനിയമനം നൽകണമെന്ന് വനം വകുപ്പ് മേധാവി ശുപാർശ ചെയ്തിട്ടുണ്ട്. പ്രതിദിനം 660 രൂപ നിരക്കിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീമതി. ശോഭയെ വാച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ഒരു വർഷം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത 57,600/- രൂപയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5). ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്;

"ശ്രീമതി. ജി.ആർ. ശോഭയെ ഒരു വിധവയെന്നും ബുദ്ധിമാന്ദ്യമുള്ള കുട്ടിയുടെ മാതാവെന്ന നിലയിലും സർക്കാർ മുമ്പെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് വനംവകുപ്പിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചറായി സ്ഥിരനിയമനം നൽകാവുന്നതാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഭരണവകുപ്പിനെ അറിയിക്കുന്നു .

ഇതിനു ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്. "

6). സമാന വിഷയത്തിൽ ആറളം വന്യജീവി സങ്കേതത്തിനു കീഴിൽ നരിക്കടവ് എന്ന സ്ഥലത്ത് വച്ച് 10.01.2017-ൽ കാട്ടാനയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട ശ്രീ. ബിജു അഞ്ചാനിക്കൽ എന്നയാളുടെ വിധവ ശ്രീമതി. കത്രീനയ്ക്ക് 26.02.2019-ലെ GO(MS) No.8/2019/F&WLD നമ്പർ ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിലേയ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ചും, നിലവിലുള്ള ഉത്തരവിൽ ഇളവു വരുത്തിയും നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

7). ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

15.06.2009 മുതൽ തിരുവനന്തപുരം വന്യജീവി സങ്കേതത്തിൽ താത്കാലിക വാച്ചറായി ജോലി ചെയ്തുവരുന്ന ശ്രീമതി ജി.ആർ ശോഭയെ, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്താമോ?

- ശ്രീമതി. ജി. ആർ. ശോഭയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൾ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- നിയമന ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാൾക്ക് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.